(ഇ) 31-5-1986 വരെ സംസ്ഥാനത്ത് എല്ലാ ജില്ലകൾക്കുമായി 150.87 ലക്ഷം രൂപ വരൾച്ച ദുരിതാശ്വാസത്തിന് അനുവദിച്ചിട്ടുണ്ട്. അതുമുഴുവൻ ചെലവായി എന്നു കരുതുന്നു. ജില്ലതിരിച്ചുള്ള വിവരം താഴെ പറയുന്നു.

തിരുവനന്തപുരം	2	ലക്ഷം രൂപ.
കൊല്ലം	5	,,
പത്തനംതിട്ട	2	,,
ആലപ്പുഴ	5	,,
കോട്ടയം	5	,,
ഇടുക്കി	15,87	,,
എറണാകുളം	8	,,
തൃശ്ശൂർ	5	,,
പാലക്കാട്	55	,,
മലപ്പുറം	25	,,
കോഴിക്കോട്	8	,,
വയനാട്	5	,,
കണ്ണൂർ	5	,,
കാസർക്കോട്	5	,,
ആകെ	150,87	,,

(എഫ്) ജില്ലാകളക്ടർമാരിൽ നിന്നു ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ചു കഴിഞ്ഞാലേ ഇതു നിർണ്ണയിക്കാനാവൂ.

(ജി) മാർജിൻ മണിയുടെ കേന്ദ്ര വിഹിതമായ 2.5 കോടി രൂപയുടെ സഹായത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ട്.

(എച്ച്) ഈ വർഷത്തെ വരൾച്ച ദുരിതാശ്വാസത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായധനം ലഭിച്ചിട്ടില്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) പാലക്കാട് ജില്ലയ്ക്കുവേണ്ടി 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ചെലവായ രൂപയുടെ വിവരം ശേഖരിച്ചുവരുന്നു.

നിർദ്ധനർക്കുള്ള ഭവനനിർമ്മാണ പദ്ധതി

* 73 [74] ശ്രീ. കെ. രാഘവൻ മാസ്റ്റർ:

.. തോപ്പിൽ രവി:

,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

,, ബെന്നി ബഹനാൻ

,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86ൽ പാവപ്പെട്ടവർക്ക് എത്ര ഭവനങ്ങൾ സംസ്ഥാനത്ത് നിർമ്മിക്കുന്നതിന് കഴിഞ്ഞു;

(ബി) 1986-87 ൽ എത്ര ഭവനങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) അവയിൽ പണി ആരംഭിച്ച വീടുകളുടെ എണ്ണം എത്ര;

(ഡി) പൂർത്തിയായിട്ടുള്ളവ എത്ര;

(ഇ) ഇനിയും പൂർത്തീകരിക്കേണ്ട വീടുകളുടെ എണ്ണം എത്ര; അവ ഉടൻതന്നെ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(എഫ്) ചെറുകിട ഭവനനിർമ്മാണത്തിന് ഇഷ്ടികയും മറ്റ് പ്രധാന ഉപയോഗവസ്തുക്കളും നിർമ്മിക്കുന്നതിന് താലൂക്കുകൾതോറും കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ്:

(എ) 1985-86ൽ ഉദ്ദേശം 45,000 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ കഴിഞ്ഞു.

(ബി) 1986-87 വർഷത്തിൽ ഉദ്ദേശം 1,90,000 വീടുകളുടെ പണി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഇതിൽ ഉദ്ദേശം 1,60,000 വീടുകളുടെ പണി ആരംഭിച്ചുകഴിഞ്ഞു.

(ഡി) പൂർത്തിയായ വീടുകളുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല. ബാക്കിയുള്ളവ ഈ വർഷാവസാനത്തിനുമുൻപ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(എഫ്) ജില്ലകൾതോറും ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ആരംഭിച്ചുകഴിഞ്ഞു.

പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ

* 74 [75] ശ്രീ പി. കുമാരൻ:
,, എം. വി. രാഘവൻ:
,, വി. കെ. രാജൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പൊതുമേഖലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സഹകാര്യമേഖലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ എത്ര;

(സി) വ്യവസായശാലകൾ പൂട്ടിക്കിടക്കുന്നതുമൂലം എത്രപേർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്;

(ഡി) ഈ സ്ഥാപനങ്ങൾ പൂട്ടിയിടാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ വ്യവസായശാലകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly